"ഭരണഭാഷ-മാതൃഭാഷ"

No. DWCD/3518/2026-E8

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 21-07-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**സർക്കുലർ**

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഡയറക്ടറേറ്റ് - ജീവനക്കാര്യം- ഡിപിസി (ലോവർ & ഹയർ) 2027 കൂട്ടുന്നത് - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സ.ഉ(സാധാ) നം.3113/2021/പൊ.ഭ.വ തീയതി 18.08.21

2. 30.10.2025 തീയതിയിലെ വ.ശി.വി.വ ഡയറക്ടറുടെ DWCD/6094/2025-E8 നം.സർക്കുലർ.

3. 17.08.2024 തീയതിയിലെ DWCD/618/2023-E8 നമ്പർ സർക്കുലർ

വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിന് പരാമർശം(1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ബാധ്യസ്ഥരായ വകുപ്പിലെ ജീവനക്കാർ 2021 വർഷം മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈനായി സമർപ്പിച്ച് വരുന്നുണ്ട്. 2024 വർഷം വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈനായി ചെയ്യുന്നതിന് പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിരുന്നു.

വനിതശിശുവികസന വകുപ്പിൽ വിവിധ ഗസറ്റഡ് - നോൺ ഗസറ്റഡ് തസ്തികകളിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് 2027 കലണ്ടർ വർഷം പ്രതീക്ഷിക്കുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗകയറ്റം നല്കുന്നതിനായി ഡിപിസി (ഹയർ / ലോവർ) കൂടേണ്ടതുണ്ട്. ഇതിലേയ്ക്കായി കോൺഫിഡൻഷ്യൽ റിപോർട്ട് സമർപ്പിക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരും 2025 ഡിസംബർ 31 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഈ പരിപത്ര തീയതി മുതൽ 20 ദിവസത്തിനകം പൂർത്തിയാക്കി സമർപ്പിക്കേണ്ടതാണ്.

എല്ലാ ജീവനക്കാരും സ്കോർ ഓൺലൈൻ പോർട്ടലിൽ (www.score.kerala.gov.in) രജിസ്റ്റർ ചെയ്ത് കൊണ്ട് അതിൽ ലഭ്യമായ user manual ലെ നിർദ്ദേശ പ്രകാരം അതാത് വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആയത് ബന്ധപ്പെട്ട റിപ്പോർട്ടിംഗ് - റിവ്യൂവിംഗ് ഓഫീസർമാർ Approve ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച സംശയ നിവാരണത്തിനായി 1800-425-1857 എന്ന ടോൾഫ്രീ നമ്പരിലും info.score@kerala.gov.in എന്ന ഇ-

മെയിൽ വിലാസത്തിലും ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ് E8 സീറ്റുമായും ബന്ധപ്പെട്ട് പരിഹരിക്കാവുന്നതാണ്.

KSSR RULE 28(b) 4(1) പ്രകാരം ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരൻ/ജീവനക്കാരി ദീർഘകാല അവധിയിൽ പ്രവേശിക്കുന്നതിന് മുൻപ് 3 വർഷത്തെ സി.ആർ അല്ലെങ്കിൽ ജോലിയിൽ പ്രവേശിച്ച ശേഷമുള്ള ഒരു വർഷത്തെ സി.ആർ ഉറപ്പായും ലഭ്യമാക്കിയിരിക്കണം. എന്നാൽ മാത്രമേ DPC പരിഗണനയ്ക്കായി സമർപ്പിക്കുകയുള്ളൂ എന്നറിയിക്കുന്നു. KSR Part1 Rule 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റോടു കൂടിയ ശമ്പളമില്ലാത്ത അവധി - Increment, Higher Grade, Promotion, Seniority മുതലായ സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രൊമോഷന് പരിഗണിക്കുന്നത് ജീവനക്കാരൻ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെയും, DPC യുടെ തീരുമാനത്തിനും വിധേയമായിട്ടാണ്.

കൂടാതെ വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാർക്കായി മാറ്റി വച്ചിരിക്കുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയുടെ ഒഴിവിലേയ്ക്ക് പ്രോബേഷൻ പൂർത്തിയാക്കിയ പ്രസ്തുത തസ്തികയിലെ ജീവനക്കാർക്ക് ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത ജീവനക്കാർ 2025 ഡിസംബർ 31 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനൊടൊപ്പം, ഓപ്ഷൻ ഫോം നിശ്ചിത സമയ പരിധിക്കുള്ളിൽ തപാൽ മുഖേനയും, wcdestablishment2017@gmail.com എന്ന ഇമെയിൽ മുഖേനയും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

കൃത്യമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ജീവനക്കാരെ ഒരു അറിയിപ്പും കൂടാതെ തന്നെ ഒഴിവാക്കിക്കൊണ്ട് DPC കൂടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. സ്കോർ പോർട്ടൽ - Reporting - Reviewing ഓഫീസർമാരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൂചന (3) സർക്കുലറിന്റെ കരട്, ഓപ്ഷൻ ഫാറം എന്നിവ ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

MANU S P
SENIOR ADMINISTRATIVE OFFICER
വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖാന്തിരം)

പകർപ്പ് :- 1. സൂപ്രണ്ട്, ഐ. ടി. സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ/സ്പെയർ

Digitally signed by
ANJU S G
Date: 27-07-2026
17:17:01

"ഭരണഭാഷ-മാതൃഭാഷ"

നം.. DWCD/618/2023-E8

വനിത ശിശു വികസന വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 17-08-2024
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ : 0471-2346534

**സർക്കുലർ**

വിഷയം: വനിത ശിശു വികസന വകുപ്പ്-ജീവനക്കാര്യം-SCORE പോർട്ടലിലെ റിപ്പോർട്ടിംഗ് ഓഫീസർ, റിവ്യൂവിംഗ് ഓഫീസർമാരുടെ ലിസ്റ്റിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ച്

സൂചന: 1) 08.02.2023 ലെ DWCD/618/2023-E8 നം. സർക്കുലർ

വനിത ശിശു വികസന വകുപ്പിലെ SCORE പോർട്ടലിലെ റിപ്പോർട്ടിംഗ് ഓഫീസർ, റിവ്യൂവിംഗ് ഓഫീസർമാരുടെ വിശദാംശങ്ങൾ സൂചന സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ, അഡീഷണൽ ഡയറക്ടർ, തസ്തികകളിലെ ജീവനക്കാരുടെ റിപ്പോർട്ടിംഗ് , റിവ്യൂവിംഗ് ഓഫീസർമാരുടെ വിവരങ്ങൾ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ റിപ്പോർട്ടിംഗ് , റിവ്യൂവിംഗ് ഓഫീസർമാരുടെ വിശദാംശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടും, ആവശ്യമായ മാറ്റങ്ങൾ വരുത്തിയും പ്രസ്തുത പട്ടിക പുതുക്കി പ്രസിദ്ധീകരിക്കുന്നു.

## List of Reporting and Reviewing officers for SCORE Portal

| sl.no | Reportee (Designations) | Reporting officer (Designations) | Reviewing Officer (Designations) | |
|---|---|---|---|---|
| 1 | ICDS Supervisor | Child Development Project Officer | District Women and Child Development Officer | |
| | | Child Development | | |

| | | | | |
|---|---|---|---|---|
| 2 | Junior Superintendent | Project Officer/Senior Superintendent /District Women and Child Development Officer/Programme Officer | District Women and Child Development Officer/Assistant Director/Administrative Officer | |
| 3 | Superintendent Welfare Institution Gr.II/Deputy Superintendent Gr.II | District Child Protection Officer | District Women and Child Development Officer | |
| 4 | Child Development Project Officer | Programme Officer | District Women and Child Development Officer | |
| 5 | Senior Superintendent | Senior Administrative Officer/Finance Officer/Assistant Director/District Child Development Officer/Programme Officer | Joint Director/Additional Director/ Director (*For Senior Superintendent Establishment Section and Accounts Section in Directorate)* | |
| 6 | Superintendent Welfare Institution Gr.I/Deputy Superintendent Gr.I | District Women and Child Development Officer | Assistant Director/Additional Director | |
| 7 | Women Protection Officer | District Women and Child Development Officer | Assistant Director/Additional Director | |
| | | | | |

| | | | | |
|---|---|---|---|---|
| 8 | Programme Officer | District Women and Child Development Officer | Joint Director/Additional Director | Director |
| 9 | District Child Protection Officer | District Women and Child Development Officer | Director | |
| 10 | District Women and Child Development Officer | Additional Director | Director | |
| 11 | Assistant Director | Joint Director/ Additional Director | Director | Secretary, Women and Child Development Department |
| 12 | Joint Director | Director | | Secretary, Women and Child Development Department |
| 13 | Additional Director | Director | | Secretary, Women and Child Development Department |

HARITHA V KUMAR

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (കാര്യാലയമേധാവി മുഖേന)
2. സൂപ്രണ്ട് ഐടി സെൽ(വെബ് സൈറ്റ് പ്രസിദ്ധികരണത്തിന്)
3. സ്റ്റോക്ക് ഫയൽ